**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2034** **21-06-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ.എസ്.ആർ. പാർട്ട് ഒന്നിലെ ചട്ടം 97, 98 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിക്കുന്നത് ഏതെല്ലാം സാഹചര്യങ്ങളിലാണെന്നും ലീവ് അനുവദിക്കാൻ എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്നും വിശദമാക്കാമോ; | (എ) | **സംസ്ഥാന ജീവനക്കാർക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ മനഃപൂർവ്വം ഏൽപ്പിക്കപ്പെട്ട ക്ഷതത്താലുണ്ടാകുന്ന അവശതയ്ക്ക് കെ.എസ്.ആർ., ഭാഗം I ചട്ടം 97 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദനീയമാണ്. എന്നാൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന അവശതയ്ക്ക് കെ.എസ്.ആർ. ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി ആണ് അനുവദനീയമായിട്ടുള്ളത്.**<br><br>ഡ്യൂട്ടിക്കിടയിലാണ് അപകടം നടന്നത് എന്നത് സംബന്ധിച്ച് മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെയും, ചട്ടപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് ടി അവധിയുടെ അർഹത സംബന്ധിച്ച തീരുമാനമെടുക്കുന്നത്. |
| (ബി) | ഡ്യൂട്ടിക്കായി ജോലി സ്ഥലത്തേക്ക് വരുമ്പോഴും ഡ്യൂട്ടിക്കിടയിലും ഡ്യൂട്ടി കഴിഞ്ഞ് വാസസ്ഥലത്തേക്ക് തിരികെ പോകുമ്പോഴും ജീവനക്കാർക്കുണ്ടാകുന്ന അപകടങ്ങൾ ഡ്യൂട്ടിക്കിടയിൽ സംഭവിച്ച അപകടമായി പരിഗണിച്ച് സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിക്കുന്നതിന് പ്രസ്തുത ചട്ടങ്ങൾ പ്രകാരം തടസ്സമുണ്ടോയെന്നും പ്രസ്തുത അവധി സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളിലേയും ജീവനക്കാർക്ക് ലഭിക്കുമോയെന്നും വ്യക്തമാക്കാമോ; | (ബി) | **സംസ്ഥാന ജീവനക്കാർക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ മനഃപൂർവ്വം ഏൽപ്പിക്കപ്പെട്ട ക്ഷതത്താലുണ്ടാകുന്ന അവശതയ്ക്ക് കെ.എസ്.ആർ., ഭാഗം I ചട്ടം 97 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദനീയമാണ്. എന്നാൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന അവശതയ്ക്ക് കെ.എസ്.ആർ. ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി ആണ് അനുവദനീയമായിട്ടുള്ളത്.**<br><br>ഡ്യൂട്ടിക്കിടയിലാണ് അപകടം നടന്നത് എന്നത് സംബന്ധിച്ച് മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെയും ചട്ടപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് ടി |

| | | | |
|---|---|---|---|
| | | | അവധിയുടെ അർഹത സംബന്ധിച്ച തീരുമാനമെടുക്കുന്നത്. |
| (സി) | സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് സംബന്ധിച്ച് ധനകാര്യ (റൂൾസ്-ബി)വകുപ്പ് 30.07.2020-ൽ പുറപ്പെടുവിച്ച 42/2020 നമ്പർ സർക്കുലർ റദ്ദാക്കിക്കൊണ്ട് അതേ വകുപ്പ് 16.8.2022-ൽ 70/2022 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിതിനു ശേഷം പുതിയ സർക്കുലറുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | **ഇല്ല** |

സെക്ഷൻ ഓഫീസർ